A

505

# സമഗ്രശിക്ഷാ കേരളം

## അർധവാർഷിക മൂല്യനിർണ്ണയം 2023-24

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 5

സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് **15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള **8** പ്രവർത്തനങ്ങളിൽ **6** എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന **6** പ്രവർത്തനങ്ങളിലെ എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

---

**പ്രവർത്തനം - 1**

**ആകാശക്കാഴ്ചകൾ എന്നും മനുഷ്യരിൽ അത്ഭുതവും ആകാംക്ഷയും ഉളവാക്കുന്നവയാണ്.**

എ) ശുക്രന്റെ പ്രധാന സവിശേഷതകൾ ഉൾപ്പെടുത്തി തിരിച്ചറിയൽ കാർഡ് തയ്യാറാക്കിയിരിക്കുന്നു. ഇതുപോലെ ഭൂമിയുടെ തിരിച്ചറിയൽ കാർഡ് തയ്യാറാക്കുക.

| **ശുക്രൻ** | **ഭൂമി** |
|---|---|
| • ഏറ്റവും തിളക്കമുള്ള ഗ്രഹം | • ................................... |
| • ഏറ്റവും ചൂടുള്ള ഗ്രഹം | • ................................... |
| • ഉപഗ്രഹങ്ങളില്ല | • ................................... |

ബി) ഒരു ആകാശഗോളത്തെ ഗ്രഹമായി പരിഗണിക്കാൻ വേണ്ട നിബന്ധനകളിൽ ഉൾപ്പെടാത്തതേത്?

എ) സ്വയം കത്തുന്നു　　ബി) ഗോളാകൃതിയുണ്ട്

സി) സൂര്യനെ വലംവയ്ക്കുന്നു.　　ഡി) തനതായ ഭ്രമണപഥമുണ്ട്

സി) സൂര്യനിൽ നിന്നുള്ള അകലത്തെ അടിസ്ഥാനമാക്കി ഗ്രഹങ്ങളെ ക്രമീകരിച്ചാൽ അടുത്തടുത്തായി വരുന്ന ഗ്രഹങ്ങൾ ഏതെല്ലാം?

എ) ബുധൻ, ഭൂമി　　ബി) വ്യാഴം, ശനി

സി) ശുക്രൻ, വ്യാഴം　　ഡി) ശനി, നെപ്റ്റ്യൂൺ

പ്രവർത്തനം 2







എ. രണ്ടു പേരുടെയും ജീവിത ശൈലി നിങ്ങൾ ശ്രദ്ധിച്ചല്ലോ. ആരുടെ ജീവിത ശൈലിയാണ് നിങ്ങൾ ഇഷ്ടപ്പെടുന്നത് ? എന്തുകൊണ്ട് ?

പ്രവർത്തനം 3

**ഭൂമിയിലെ വൈവിധ്യങ്ങളെ പ്രയോജനപ്പെടുത്തിയാണ് മനുഷ്യനുൾപ്പെടെയുള്ള സസ്യജന്തുജാലങ്ങൾ നിലനിൽക്കുന്നത്.**

എ. വൻകരകളെയും സമുദ്രങ്ങളെയും മനുഷ്യർ ഏതൊക്കെ തരത്തിൽ പ്രയോജനപ്പെടുത്തുന്നു? കുറിപ്പ് തയ്യാറാക്കുക.

ബി. വൻകരകളും സമുദ്രങ്ങളും സംരക്ഷിക്കപ്പെടേണ്ടതാണ്. ഇത് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിന് ആവശ്യമായ പ്ലക്കാർഡ് തയ്യാറാക്കുന്നതിനുള്ള വാചകങ്ങൾ എഴുതുക. (രണ്ടെണ്ണം)

പ്രവർത്തനം - 4

**സൂര്യൻ അസ്തമിക്കുന്നതോടെ മറ്റു നക്ഷത്രങ്ങൾ ഒന്നൊന്നായി തെളിഞ്ഞുകാണാൻ തുടങ്ങും. ഇരുട്ടുന്തോറും എണ്ണിയാലൊടുങ്ങാത്തത്ര നക്ഷത്രങ്ങളെ കാണാം.**

എ) സൗരയൂഥത്തിന്റെ ഭാഗമായ ചില അംഗങ്ങളുടെ സവിശേഷതകളുമായി ബന്ധപ്പെട്ട പട്ടിക പൂർത്തിയാക്കുക.

| അംഗങ്ങൾ | സവിശേഷതകൾ |
|---|---|
| ക്ഷുദ്രഗ്രഹങ്ങൾ | ------------------------ |
| 2. -------------------------- | • തടസ്സമില്ലാത്തതും തനതായതുമായ ഭ്രമണപഥമില്ല. |
| വാൽനക്ഷത്രങ്ങൾ | 3. -------------------------- |
| 4. -------------------------- | • ബഹിരാകാശത്തു നിന്ന് ഭൂമിയുടെ അന്തരീക്ഷത്തിലേക്ക് കടക്കുന്ന പല വലുപ്പത്തിലുള്ള പാറക്കഷണങ്ങൾ |

ബി) തന്നിരിക്കുന്നവയിൽ നിന്നു വാൽനക്ഷത്രം ഏതാണെന്ന് തിരഞ്ഞെടുത്തെഴുതുക.

എ) ഐഡ ബി) ഷാരൺ

സി) ഐസൺ ഡി) പ്ലൂട്ടോ

പ്രവർത്തനം - 5

**പ്രാചീന തമിഴകത്ത് മൃതശരീരങ്ങൾ അടക്കം ചെയ്തതിനു മുകളിൽ വലിയ ശിലകൾ നാട്ടിയിരുന്നു.**

എ) ചുവടെ നൽകിയിരിക്കുന്ന ശിലാസ്മാരകങ്ങളുടെ പേരെഴുതുക.



i. ..........................



ii. ..............................

ബി) ഇത്തരം ചരിത്രശേഷിപ്പുകളിൽ നിന്ന് മഹാശിലാസംസ്കാരകാലത്തെ എന്തെല്ലാം വസ്തുക്കളാണ് കണ്ടെത്തിയിട്ടുള്ളത് ?

സി) പ്രാചീന തമിഴകത്തെ ജനജീവിതത്തെക്കുറിച്ച് മഹാശിലാസ്മാരകങ്ങൾക്കു പുറമെ വിവരങ്ങൾ ലഭിക്കുന്നത് ഏതിൽ നിന്നാണ് ?

പ്രവർത്തനം - 6

**ഇന്ത്യയിൽ ബി.സി 6-ാം നൂറ്റാണ്ടോടുകൂടി ഗംഗാ സമതലം മുതൽ ഗോദാവരി നദീതടംവരെ നിരവധി ജനപദങ്ങൾ രൂപം കൊണ്ടു. അതിൽ പ്രധാനപ്പെട്ടതായിരുന്നു മഗധ.**

എ) മഗധരാജ്യം ശക്തിപ്പെടാനിടയാക്കിയ ഘടകങ്ങൾ പട്ടികപ്പെടുത്തുക.

- മഗധയുടെ സ്ഥാനം
-
-
-
-

ബി) വർധമാനമഹാവീരൻ ഉപയോഗിച്ച ഭാഷ ഏതായിരുന്നു ?

എ) പാലി ബി) ദ്രാവിഡം

സി) പ്രാകൃത് ഡി) തമിഴ്

പ്രവർത്തനം – 7

**ബി.സി 1500 മുതൽ 600 വരെയുള്ള കാലഘട്ടം വേദകാലം എന്ന് അറിയപ്പെടുന്നു. വേദകാലത്തെ ഋഗ്വേദകാലം, പിൽക്കാല വേദകാലം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.**

എ) വേദകാലത്തെ സവിശേഷതകൾ ഉൾപ്പെടുത്തി ആശയഭൂപടം പൂർത്തീകരിക്കുക.




ബി) നൽകിയിരിക്കുന്ന പ്രസ്താവനകളിൽനിന്ന് ഋഗ്വേദകാലഘട്ടവുമായി ബന്ധപ്പെട്ടവ തിരഞ്ഞെടുത്തെഴുതുക.

1. തൊഴിലിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ വിഭജിച്ചിരുന്നു.
2. ഇന്ദ്രൻ, വരുണൻ, അഗ്നി എന്നീ ദേവന്മാരെ ആരാധിച്ചിരുന്നു.
3. ജനങ്ങൾ സ്ഥിരവാസം ആരംഭിച്ചു.
4. ചാരനിറത്തിലുള്ള മൺപാത്രങ്ങൾ ഉപയോഗിച്ചിരുന്നു.

പ്രവർത്തനം – 8

**സമുദ്രങ്ങൾക്കിടയിലായി സ്ഥിതി ചെയ്യുന്ന അതിവിശാലമായ കരഭാഗങ്ങളാണ് വൻകരകൾ.**

എ) ചില വൻകരകളുടെ സവിശേഷതകളാണ് നൽകിയിരിക്കുന്നത്. അവ തിരിച്ചറിഞ്ഞ് വൻകരകളുടെ പേരുകൾ രേഖപ്പെടുത്തുക.

| സവിശേഷതകൾ | വൻകരകൾ |
|---|---|
| 1. നമ്മുടെ രാജ്യം ഉൾപ്പെടുന്ന വൻകര | |
| 2. മൈത്രി, ഭാരതി എന്നീ ഗവേഷണകേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നു | |
| 3. കങ്കാരുക്കൾ കാണപ്പെടുന്നു. | |
| 4. ഏറ്റവും വലിയ മരുഭൂമിയായ സഹാറ സ്ഥിതിചെയ്യുന്നു. | |
| 5. വലുപ്പത്തിൽ ആറാംസ്ഥാനം. | |